# പതിനാലാം കേരള നിയമ സഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T2965 07.11.2019- ൽ മറുപടിക്ക്

## ദേശീയപാത വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ദേശീയപാത 66 സംസ്ഥാനത്ത് 45 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളിൽ ഏതൊക്കെ റീച്ചുകളിലുള്ള ടെൻഡർ നടപടി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ടെന്നറിയിക്കാമോ; | (എ) ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള റീച്ചുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ദേശീയപാതാ 66 – തലപ്പാടി മുതൽ ചെങ്ങള വരെ വികസിപ്പിക്കൽ.<br>2. ദേശീയപാതാ 66 – ചെങ്ങള മുതൽ നീലേശ്വരം വരെ വികസിപ്പിക്കൽ<br>3. നീലേശ്വരം റെയിൽവേ മേൽപ്പാലം നിർമ്മാണം.<br>4. തലശ്ശേരി - മാഹി ബൈപ്പാസ് നാലുവരിപ്പാത നിർമ്മാണം.<br>5. പാലോളിപ്പാലം നിർമ്മാണം, മൂടാടിപ്പാലം നിർമ്മാണം.<br>6. കോഴിക്കോട് ബൈപ്പാസ് ആറുവരിപ്പാത നിർമ്മാണം.<br>7. കഴക്കൂട്ടം മേൽപാലം |
| (ബി) പ്രസ്തുത വികസനം വേഗത്തിലാക്കുന്നതിന് കേന്ദ്ര ഉപരിതല ഗതാഗതമന്ത്രി ദേശീയപാത അതോറിറ്റിക്ക് കർശന നിർദ്ദേശം നൽകിയത് പാതാവികസനത്തെ ത്വരിതപ്പെടുത്തിയിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ഈ വികസനത്തിന് ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ വിലയുടെ നിശ്ചിത ശതമാനം സംസ്ഥാന സർക്കാർ വഹിക്കാമെന്ന് ഉറപ്പ് | (സി) ഉണ്ട്.ഈ വികസന പ്രവൃത്തികൾക്ക് ഏറ്റെടുക്കേണ്ടി വരുന്ന സ്ഥലത്തിന്റെ വിലയുടെ 25% സംസ്ഥാന സർക്കാർ വഹിക്കണമെന്ന നിബന്ധന കേന്ദ്രസർക്കാർ വച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയപാതാ 66 ന്റെ വികസനവുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | | കേരളവും, കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയവും തമ്മിൽ ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. അത് പ്രകാരം NH 66 ന്റെ മൊത്തം ഭൂമി ഏറ്റെടുക്കലിന്റെ ഭാഗമായി 5500 കോടിയോളം രൂപ സംസ്ഥാനം വഹിക്കേണ്ടി വരുമെന്നാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്. |
| (ഡി) | നിലവിലെ സ്ഥിതിയിൽ ദേശീയപാത വികസനം എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് സർക്കാർ വിലയിരുത്തുന്നത്; വ്യക്തമാക്കാമോ? | (ഡി) | കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതയുടെ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പുരോഗമിച്ച് വരുന്നു. സ്ഥലമെടുപ്പിനായി എല്ലാ ജില്ലകളിലും പൊന്നും വില തഹസിൽദാർ (CALA) മാരെ നിയമിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുശേഷം വികസനത്തിനായുള്ള ടെണ്ടർ ദേശീയപാത അതോറിറ്റി ക്ഷണിക്കുന്നതാണ്. എന്നത്തേക്ക് പൂർത്തിയാകുമെന്ന് ഇപ്പോൾ പറയാൻ സാധിക്കില്ല |

**സെക്ഷൻ ഓഫീസർ**